## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5135 — 06.02.2014 -ലെ മറുപടിക്ക്

### കണ്ണൂരിൽ എൽ.ഡി.എഫ്. പ്രവർത്തകർക്കെതിരെ കല്ലെറിഞ്ഞതിനെതിരെ കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ. രമേശ് ചെന്നിത്തല<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കണ്ണൂരിൽ മുഖ്യമന്ത്രിയ്ക്ക് നേരെ കല്ലെറിഞ്ഞ സ്ഥലത്ത് കോൺഗ്രസ്സ് പ്രവർത്തകനായ ശ്രീ. കുഞ്ഞുമുഹമ്മദ് കല്ലുമായി നിൽക്കുന്ന ദൃശ്യങ്ങൾ മാധ്യമങ്ങൾ പുറത്തുവിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മുഖ്യമന്ത്രിയ്ക്ക് നേരെ കണ്ണൂരിൽ വെച്ച് കല്ലേറുണ്ടായ സ്ഥലത്തുനിന്നും (പോലീസ് ക്ലബ് ജംഗ്ഷൻ) ഉദ്ദേശം ഒരു കിലോമീറ്റർ മാറി മുഖ്യമന്ത്രി സഞ്ചരിച്ച വഴിയിലല്ലാതെ എസ്.പി.സി.എ. ജംഗ്ഷനു സമീപം ശ്രീ. കുഞ്ഞുമുഹമ്മദ് കല്ലുമായി നിൽക്കുന്ന ദൃശ്യങ്ങൾ മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | താൻ കല്ലെറിഞ്ഞത് എൽ.ഡി.എഫ്. പ്രവർത്തകർക്കെതിരെയാണെന്ന് ഡി.സി.സി. ഓഫീസിൽ വച്ച് ശ്രീ. കുഞ്ഞുമുഹമ്മദ് നേരിട്ട് മാധ്യമങ്ങളോട് വെളിപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | തങ്ങളെ ആക്രമിക്കുവാൻ ശ്രമിച്ച എൽ.ഡി.എഫ്. പ്രവർത്തകരെ നേരിടുവാൻ ശ്രമിച്ചതായി കുഞ്ഞുമുഹമ്മദ് മാധ്യമങ്ങളോട് പറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | എങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഇതു സംബന്ധിച്ച് ടിയാനെതിരെ യാതൊരു പരാതിയും ആരും ഉന്നയിച്ചതായി അറിവായിട്ടില്ല. |
| (ഡി) | ശ്രീ. കുഞ്ഞുമുഹമ്മദിനെതിരെ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | ശ്രീ. കുഞ്ഞുമുഹമ്മദിനെതിരെ ആരും പരാതിപ്പെട്ടിട്ടില്ലാത്തതിനാൽ കേസുകൾ ഒന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ